**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5090** — **15-11-2019-ൽ മറുപടിക്ക്**

**പച്ചക്കറി കൃഷിക്ക് പലിശരഹിത വായ്പ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.വി. ജോയി** | **ശ്രീ. വി.എസ്. സുനിൽ കുമാർ (കൃഷി വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | പച്ചക്കറി കൃഷിക്ക് പലിശരഹിത വായ്പ അനുവദിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | പച്ചക്കറി കൃഷിക്ക് മാത്രമായി കൃഷി വകുപ്പ് മുഖേന ഷെഡ്യൂൾഡ് വാണിജ്യ ബാങ്കുകളിൽ പലിശരഹിത വായ്പ അനുവദിക്കുന്നില്ല. എന്നാൽ RBI -യുടെ Interest Subvention പദ്ധതി പ്രകാരം, വായ്പ എടുത്ത ശേഷം കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക്, താങ്ങ് പലിശ (Interest Subvention) നൽകാറുണ്ട്. കൂടാതെ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖേന കാർഷിക വായ്പ എടുക്കുന്ന കർഷകർ കൃത്യമായി വായ്പ തിരിച്ചടച്ചാൽ 2% പലിശ കൂടി കർഷകർക്ക് തിരികെ നൽകാൻ VFPCK -യുടെ പച്ചക്കറി കൃഷി വികസന പദ്ധതി വിഭാവനം ചെയ്തു നടപ്പാക്കുന്നുണ്ട്.<br>പച്ചക്കറി കൃഷിയ്ക്ക് സഹകരണ സ്ഥാപനങ്ങൾ മുഖാന്തരം പലിശ രഹിത വായ്പ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ അത്തരത്തിൽ കർഷകർക്ക് എത്ര രൂപ വായ്പയായി അനുവദിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ? | (ബി) | സഹകരണ സ്ഥാപനങ്ങൾ മുഖാന്തരം സംസ്ഥാനത്തെ കർഷകർക്ക് പച്ചക്കറി കൃഷിയ്ക്ക് പലിശ രഹിത വായ്പയായി ആകെ 77.028 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ